YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സി.ബി.സി.എസ് 2017 - ബി.എ മലയാളം മോഡൽ I, മോഡൽ II പ്രോഗ്രാമുകളുടെ 1,5 & 6 എന്നീ സെമസ്റ്ററുകളിലെ സിലബസിലുള്ള മാറ്റങ്ങൾ - ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 903/AC A 9/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.02.2020

---

*പരാമർശം:*-1.30.08.2019,20.09.2019 എന്നീ തീയതികളിൽ കൂടിയ യു.ജി മലയാളം ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിന്റെ ശിപാർശകൾ

2. വൈസ് ചാൻസലറുടെ 12 .02 .2019 തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 30 .08 .2019 , 20 .09 .2019 എന്നീ തീയതികളിൽ കൂടിയ യു. ജി മലയാളം ബോർഡ് ഓഫ് സ്റ്റഡീസ് യോഗം B.A മലയാളം മോഡൽ I ,മോഡൽ II പ്രോഗ്രാമുകളുടെ 1,5 ,6 സെമസ്റ്റർ സിലബസുകളിൽ താഴെ പറയുന്ന മാറ്റങ്ങൾ ശിപാർശ യായി സമർപ്പിച്ചിരുന്നു.

1. **അഞ്ചാം സെമസ്റ്ററിലെ** ചെറുകഥ, നോവൽ എന്ന കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള 'ഉളി പിടിച്ച കൈ' എന്ന കഥയുടെ രചയിതാവായി കേസരിയെന്നാണ് തെറ്റായി നൽകിയത് .ഇത് അമ്പാടി നാരായണപ്പൊതുവാൾ എന്ന് തിരുത്തി നൽകുക

2. **ആറാം സെമസ്റ്റർ ഗദ്യ സാഹിത്യ നിരൂപണം** എന്ന കോഴ്സിലെ, പി.കെ രാജശേഖരന്റെ ആധുനികത / ഉത്തരാധുനികത : രണ്ടു സംവാദങ്ങൾ (ഏകാന്ത നഗരങ്ങൾ ) എന്ന ലേഖനത്തിനു പകരം പി.പി. രവീന്ദ്രന്റെ ആധുനികോത്തരത
ചില വേർതിരിവുകൾ എന്ന ലേഖനം (ആധുനീകാന്തരം : വിചാരം വായന ) ഉൾപ്പെടുത്തുക

3.**ഗദ്യ സാഹിത്യ നിരൂപണ**ത്തിലെ കെ.പി അപ്പന്റെ മലയാള നോവലിലെ രണ്ടാം പ്രതിസന്ധി എന്ന ലേഖനത്തിനു പകരം കെ. പി അപ്പന്റെ തന്നെ വരകളും വർണങ്ങളും എന്ന പുസ്തകത്തിലെ ശിരച്ഛേദം ചെയ്യപ്പെട്ട അന്തസ്സ് എന്ന ലേഖനം ഉൾപ്പെടുത്തുക

4.**ഇതേ കോഴ്സിലെ** വി.കെ.ഉണ്ണികൃഷ്ണന്റെ കടമ്മനിട്ട കവിതകളിലെ പ്രവാസ ധ്വനികൾ (മൗനത്തിന്റെ സർഗ്ഗ കാന്തി ) എന്ന ലേഖനത്തിനു പകരം ഇ.വി.രാമകൃഷ്ണന്റെ അക്ഷരവും ആധുനികതയും ( അക്ഷരവും ആധുനികതയും ) എന്ന ലേഖനം ഉൾപ്പെടുത്തുക

5. **ഇതേ കോഴ്സിലെ** ഡോ .പ്രദീപൻ പാമ്പിരിക്കുന്നിന്റെ 'സാഹിത്യ ചരിത്രങ്ങൾ നിങ്ങളോടു സംസാരിച്ചത്' എന്ന ലേഖനത്തിനു പകരം' ദളിത് പഠനം ; സ്വത്വം സംസ്കാര സാഹിത്യം എന്ന പ്രദീപൻ പാമ്പിരിക്കുന്നിന്റെ തന്നെ പുസ്തകത്തിലെ ദളിത് സാഹിത്യം ആധുനികതയും ഉത്തരാധുനികതയും എന്ന ലേഖനം ഉൾപ്പെടുത്തുക

6. **ഇതേ കോഴ്സിലെ** എ .ആർ രാജരാജ വർമ്മയുടെ 'മധ്യസ്ഥ തീരുമാനം' , ഇ.പി

Draft #1 of File 7436/AC A9-1/2020/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 14-Feb-2020 04:23 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രാജഗോപാലിന്റെ 'ഭാഷയുടെ കടവുകൾ ; സംസ്കാരത്തിന്റെ കുടിലുകൾ', എൻ .എ നസീറിന്റെ കാടിനെ ചെന്ന് തൊടുമ്പോൾ എന്നീ ലേഖനങ്ങൾ വിശദപഠനത്തിൽ നിന്ന് ഒഴിവാക്കുക .ഡോ . സുകുമാർ അഴീക്കോടിന്റെ 'ചങ്ങമ്പുഴ മലയാള സാഹിത്യത്തിൽ' എന്ന ലേഖനത്തിനു പകരം അഴീക്കോടിന്റെ ആശാന്റെ സീതാകാവ്യം എന്ന പുസ്തകത്തിലെ ശില്പചിന്ത എന്ന ലേഖനം ഉൾപ്പെടുത്തുക .

7.**ആറാം സെമസ്റ്റർ കേരളീയ ദൃശ്യകല** എന്ന കോഴ്സിലെ മാർഗ്ഗം കളി പതിമൂന്നാം പാദത്തിന് പകരം എട്ടാം പാദം വിശദപഠനത്തിൽ ഉൾപ്പെടുത്തുക (മാർഗ്ഗം കളി ആട്ടപ്രകാരം : ചുമ്മാർ ചൂണ്ടൽ , ഡോ .ജേക്കബ് വെള്ളിയാൻ )

8 .**ഇതേ കോഴ്സിലെ** നിവാതകവച കാലകേയവധം ആട്ടക്കഥയിലെ - മത്താലേ,നിശമയ മാമകവചനം എന്ന പദം മുതൽ ആരംഭിക്കുന്നതിനു പകരം അതിനു തൊട്ടുമുൻപുള്ള "തനയോടഥ........മുതൽ മാതലിമേവ മൂചേ " എന്നീ രണ്ടു ശ്ലോകങ്ങൾ കൂടി വിശദപഠനത്തിനു ശിപാർശ ചെയ്തിരിക്കുന്നു.

9 .**ഇതേ കോഴ്സിലെ** കുചേല വൃത്തം ആട്ടക്കഥയിൽ ദാനവാരി മുകുന്ദനെ സാനന്ദം കണ്ടീടാൻ മുതൽ ശിശുക്കളും ദർശനം പുരനസ്തു എന്നത് വരെയുള്ള ഭാഗം വരെ ഉൾപ്പെടുത്തുവാൻ ശിപാർശ ചെയ്തിരിക്കുന്നു. അതോടൊപ്പം ആരംഭത്തിൽ രംഗം 3 ലെ ധാത്രീ ..... പൂരിം നിര്യയൗ എന്ന ഭാഗം കൂടി ഉൾപ്പെടുത്തുക .

10 .**ഇതേ കോഴ്സിലെ** കാക്കാരിശ്ശി നാടകത്തിലെ ഒന്നാം രംഗം പൂർണമായും വിശദപഠനത്തിനു ശിപാർശ ചെയ്തിരിക്കുന്നു.

11 .**ആറാം സെമസ്റ്റർ സംസ്കാരപഠനം** എന്ന കോഴ്സിലെ റെയ്മണ്ട് വില്യംസിന്റെ സംസ്കാര വിശകലനം (വിവ : അനിൽ കെ.എം ,സൗമ്യ കെ.സി.) എന്ന ലേഖനത്തിന്റെ ഒന്നാം ഭാഗം മാത്രം വിശദ പഠനത്തിന് ശിപാർശ ചെയ്തിരിക്കുന്നു.

12 .**ഇതേ കോഴ്സിലെ** ,സാംസ്കാരിക പഠനം : പുതുമ, പഴമ, പ്രസക്തി എന്ന ലേഖനത്തിലെ ഗ്രാംഷിയൻ വിചാര വിപ്ളവം വരെയുള്ള ഭാഗം മാത്രം വിശദപഠനത്തിലുൾപ്പെടുത്തിയാൽ മതിയാകുമെന്ന് ശിപാർശ ചെയ്തിരിക്കുന്നു.

13 .**ഇതേ കോഴ്സിലെ,** പി.പി രവീന്ദ്രന്റെ സാംസ്കാരിക രാഷ്ട്രീയം എന്ന ലേഖനം, കെ.കെ. കൊച്ചിന്റെ കേരളം മറന്ന സാമൂഹ്യ പരിഷ്കരണം, ഡോ.കോറമംഗലം നാരായണൻ നമ്പൂതിരിയുടെ 'നാട്ടുചന്ത' ചിഞ്ചു സുരേന്ദ്രന്റെ ജ്ഞാന രൂപീകരണത്തിന്റെ രാഷ്ട്രീയം.വാമൊഴി ,വരമൊഴി പാഠങ്ങളെ മുൻ നിർത്തിയുള്ള വിമർശന വായന (ഉറവും കനവും ) സജിത .കെ ആറിന്റെ ഉണ്ണിയാർച്ച പ്രതിനിധാനത്തിന്റെ പ്രശ്നങ്ങൾ, ഡോ . കെ.ഗോപിനാഥന്റെ കളിപ്പാട്ടങ്ങളുടെ രാഷ്ട്രീയം (പ്രതീകങ്ങൾ പറയുന്നത് ) എന്നീ ലേഖനങ്ങൾ വിശദപഠനത്തിൽ നിന്നൊഴിവാക്കി സാമാന്യ പഠനത്തിൽ ഉൾപ്പെടുത്തുക

14 .**ഇതേ കോഴ്സിലെ** പി.പവിത്രന്റെ സംസ്കാരപഠനത്തിന്റെ മൂന്നാം ലോകവഴി എന്ന ലേഖനത്തിന് പകരം മൂന്നാം ലോകത്തിന്റെ സാംസ്കാരിക ഘട്ടങ്ങൾ എന്ന ലേഖനം വിശദപഠനത്തിനു ശിപാർശ ചെയ്തിരിക്കുന്നു.

15 .**ആറാം സെമസ്റ്ററിലെ മലയാളത്തിലെ സ്ത്രീ രചനകൾ** എന്ന കോഴ്സിലെ ഭാരത സ്ത്രീകളുടെ പദവി യുഗങ്ങളിലൂടെ എന്ന ലേഖനത്തിനു പകരം ആധുനീക സ്ത്രീ പ്രശ്നങ്ങൾ (ലളിതാംബിക അന്തർജ്ജനം ) ഉൾപ്പെടുത്തുവാൻ ശിപാർശ ചെയ്തിരിക്കുന്നു.

16 .**ശ്രീ . സി എൽ ജോസിന്റെ മേഘ ധ്വനി** എന്ന നാടകം **ഒന്നാം സെമസ്റ്റർ നാടകവും സിനിമയും** എന്ന പേപ്പറിന്റെ റഫറൻസ് ഗ്രന്ഥങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ ശിപാർശ

Draft #1 of File 7436/AC A9-1/2020/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 14-Feb-2020 04:23 PM - Page 2

ചെയ്തിരിക്കുന്നു.

മേൽ ശിപാർശകൾ, പരാമർശം (2) മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം, 12 .02 .2020 തീയതിയിൽ വൈസ് ചാൻസലർ അംഗീകരിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1.Chairperson, Board of Studies, U.G Malayalam

2.PS to VC/PVC

3.PA to Registrar/CE

4.JR II(Admn)/ DR II(Exam)/ AR III(Exam)

5.JR I/ DR IV/ DR V/ AR XIV/XI/XXI/EB 9 (Exam)

6.Content Management Section/ IQAC

7.System Manager/ CETEX

8.Stock File/File Copy

മഹാത്മാ ഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 7436/AC A9-1/2020/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 14-Feb-2020 04:23 PM - Page 3